ശ്രീ. കെ. അവുക്കാദർകുട്ടി നഹ: സർ, ഫ്ളഡ് അഫക്റ്റഡ് ഏരിയായിൽ ഏതെല്ലാം റോഡുകളുടെ വർക്കുകളാണുള്ളത് എന്നതിന്റെ ലിസ്റ്റ് അയച്ചു കഴിഞ്ഞു.

(2) കുട്ടനാട് വാട്ടർ സപ്ലൈ സ്കീമിന് ഫണ്ട് അനുവദിക്കേണ്ടതിന്റെ ആവശ്യകത

ഡോ. കെ. സി. ജോസഫ്: സർ, 1972-ൽ ആരംഭിച്ച വിപുലമായ ഒരു ശുദ്ധജല പദ്ധതിയാണ് കുട്ടനാട് ശുദ്ധജല വിതരണ പദ്ധതി. 14 പഞ്ചായത്തുകൾക്കുവേണ്ടി ആരംഭിച്ച ഈ പദ്ധതി വലിയ പുരോഗതി ഇല്ലാതെ നിൽക്കുകയാണ്. ഞാൻ കഴിഞ്ഞ വർഷവും ഈ പ്രശ്നം സഭയിൽ ഉന്നയിച്ചിരുന്നതാണ്. അതിനുശേഷവും വേണ്ടത്ര പുരോഗതി ഇല്ലാത്തതുകൊണ്ടാണ് വീണ്ടും ഈ പ്രശ്നം ഞാൻ ഉന്നയിക്കുന്നത്. അടുത്തകാലത്ത് കോട്ടയം മെഡിക്കൽ കോളേജിലെ വിദഗ്ദ്ധന്മാർ കുട്ടനാട്ടിൽ ഒരു സർവ്വേ നടത്തിയിരുന്നു. ആ സർവ്വേയിൽ ഉരുത്തിരിഞ്ഞുവന്ന അഭിപ്രായം കുട്ടനാട്ടിലെ ജനങ്ങളുടെ ആരോഗ്യസ്ഥിതി വളരെ മോശമായി മാറിയിരിക്കുന്നു എന്നാണ്. മലിനജലം കുടിക്കുന്നതുകൊണ്ട് അവർക്ക് ഉദരരോഗങ്ങളും പിടിപെടുന്നു. വെള്ളത്താൽ ചുറ്റപ്പെട്ട ഒരു പ്രദേശമാണ് കുട്ടനാട് എങ്കിലും അവർക്ക് കുടിക്കാൻ ഒരിറ്റ് നല്ല വെള്ളം ആ പ്രദേശത്തില്ല. അടുത്തകാലത്ത് ബഹുമാനപ്പെട്ട പ്രധാനമന്ത്രി അവിടെ വന്നപ്പോഴും ഈ വസ്തുത ബോദ്ധ്യപ്പെടുകയുണ്ടായി. പാടശേഖരങ്ങളിൽ അടിക്കുന്ന വിഷം വീണ്ടും ജലാശയങ്ങളിൽ എത്തുന്നു. വേണ്ടത്ര സാനിറേഷൻ ഇല്ലാത്തതുകൊണ്ട് മലമൂത്ര വിസർജ്യങ്ങളും വാട്ടർ വേയ്സിൽതന്നെ എത്തുന്നു. ആഫ്രിക്കൻ പായലും വിഷവും വിസർജ്യ വസ്തുക്കളും പ്രകൃതി ക്ഷോഭത്തിൽപ്പെട്ട് മരണപ്പെടുന്ന മൃഗങ്ങളും ഒഴുകിവരുന്നതുമെല്ലാം കൂടിച്ചേർന്ന മലിന ജലം കുടിക്കുന്നതുമൂലം കുട്ടനാട്ടിലെ ജനങ്ങളുടെ ആരോഗ്യം അനുനിമിഷം മോശമായിക്കൊണ്ടിരിക്കുന്നു. കുട്ടനാട്ടിലെ ജനങ്ങളെ ഇതിൽനിന്നു മോചിപ്പിക്കണമെങ്കിൽ ഈ ശുദ്ധജല വിതരണ പദ്ധതി എത്രയും പെട്ടെന്ന് പൂർത്തിയാക്കണം. നെതർലെൻഡ് ഗവൺമെന്റിന്റെ സഹായത്തിനുവേണ്ടി ഇത് സമർപ്പിച്ചിരിക്കുകയാണെന്ന്. വളരെക്കാലമായി ഗവൺമെന്റ് പറയാറുണ്ട്. ഇതുമൂലം 14 വർഷമായിട്ടും ഒരു തീരുമാനം എടുക്കാൻ കഴിഞ്ഞിട്ടില്ല. ഇനി അതു പറഞ്ഞിട്ട് കാര്യമില്ല. ഘട്ടം ഘട്ടമായി ഈ പദ്ധതി നടപ്പാക്കാൻ തയ്യാറാകണം. 6 മാസം മുമ്പ് ആലപ്പുഴ കളക്ടറേറ്റിൽ ബഹുമാനപ്പെട്ട മന്ത്രിയും എം. എൽ. എ. മാരും ഉദ്യോഗസ്ഥന്മാരും ചേർന്നു നടത്തിയ കോൺഫറൻസിൽവച്ച് മന്ത്രിക്കുതന്നെ നേരിട്ട് ഈ വസ്തുതകളും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത് പുരോഗമിപ്പിക്കുന്നതിന് ഏറ്റവും കുറഞ്ഞത് 3 സമ്പുകളും 3 ഓവർഹെഡ് ടാങ്കുകളും പണിയേണ്ടതായിട്ടുണ്ടെന്നു സമ്മതിക്കുകയും അത് ടെൻഡർ ചെയ്യുവാൻ നടപടി സ്വീകരിക്കണമെന്നു പരസ്യമായി ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തു. അതിനുശേഷം ഈ ജോലി ഏറ്റവും വേഗം ടെൻഡർ ചെയ്യുവാൻ ഉദ്യോഗസ്ഥന്മാരോടു വീണ്ടും ബഹുമാനപ്പെട്ട മന്ത്രി ആവശ്യപ്പെട്ടു. നിർഭാഗ്യവശാൽ ഉദ്യോഗസ്ഥൻമാർ അതിനാവശ്യമായ നടപടി ഒന്നും സ്വീകരിച്ചില്ല എന്നുള്ളത് ഖേദകരമാണ്. ഞാൻ ഡിപ്പാർട്ടുമെന്റിൽ ഇതിനെക്കുറിച്ച് അന്വേഷിച്ചു. 1972-ൽ ഈ പദ്ധതി തുടങ്ങിയതുമുതൽ ഓരോ വർഷവും ഈ പദ്ധതിക്കുവേണ്ടി ഇരുപതോ ഇരുപത്തിയഞ്ചോ മുപ്പതോ ലക്ഷം രൂപ ചെലവഴിച്ചു. കഴിഞ്ഞ വർഷം 15 ലക്ഷം രൂപ ഇതിനുവേണ്ടി അലോട്ടുചെയ്തു. കഴിഞ്ഞ വർഷംവരെ ബഡ്ജറ്റിൽ ഇതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി നീക്കിവച്ചിരിക്കുന്ന തുക എത്രയാണെന്നു മനസ്സിലാക്കാൻ കഴിയുമായിരുന്നു; ഇപ്പോൾ വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റി യാണ് ഇതിനുവേണ്ട തുക അനുവദിക്കുന്നത്. ഞാൻ അന്വേഷിച്ചപ്പോൾ പല ഓൺഗോയിംഗ് സ്കീമുകൾക്കും പണം നീക്കിവച്ചുവെങ്കിലും കുട്ടനാട് പദ്ധതിക്കുവേണ്ടി ഒരു പൈസ പോലും നീക്കിവച്ചിട്ടില്ല എന്നു മനസ്സിലാക്കുവാൻ കഴിഞ്ഞു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ബഹുമാനപ്പെട്ട മന്ത്രി വ്യക്തമായ നിർദ്ദേശം കൊടുത്തതിനു ശേഷം പോലും ബഡ്ജറ്റ് പാസാക്കിയപ്പോൾ ഇതിന് ഒരു പൈസ പോലും നീക്കിവയ്ക്കുവാൻ വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിട്ടി തയ്യാറാകാതിരുന്നത് നിർഭാഗ്യകരമായിപ്പോയി. നേരത്തേയുള്ള ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത്, കുട്ടനാടൻ ജനതയുടെ ആരോഗ്യത്തെ കണക്കിലെടുത്ത് ബഹുമാനപ്പെട്ട മന്ത്രി ഉദ്യോഗസ്ഥൻമാർക്ക് നൽകിയ നിർദ്ദേശം നടപ്പാക്കുവാൻ സത്വരമായ ശ്രദ്ധ പതിപ്പിക്കണം. ഏറ്റവും ചുരുങ്ങിയത് രണ്ട് സമ്പുകളും ഒരു ഓവർ ഹെഡ് ടാങ്കും, വള്ളിക്കുട്ടുമ എന്ന സ്ഥലത്ത് ഒരു ഓവർ ഹെഡ് ടാങ്കും നിർമ്മിക്കണം. അതുപോലെ ഇപ്പോൾ പണി തീർന്നു കിടക്കുന്ന വെളിയനാട് കിടങ്ങറ എന്നു പറയുന്ന സ്ഥലത്തുള്ള ഓവർ ഹെഡ് ടാങ്കിൽ വെള്ളം എത്തിക്കാൻ ആവശ്യമായ സമ്പുകളും നിർമ്മിക്കണം. ഇതിനെയൊക്കെ പണി പൂർത്തിയാകുന്നതോടുകൂടി 4 പഞ്ചായത്തുകളിൽകൂടി വെള്ളം എത്തിക്കാൻ കഴിയും. കൂടുതൽ മറ്റു പ്രവർത്തനങ്ങളും ഇല്ലാതെതന്നെ ഇതു നടക്കുന്നതാണ്. ഇതിന്റെ പ്രാധാന്യം മനസിലാക്കി ഏറ്റവും ചുരുങ്ങിയത് ഈ പ്രവൃത്തിയെങ്കിലും ഈ വർഷംതന്നെ നടപ്പാക്കത്തക്കവിധം ടെണ്ടർ ചെയ്യാൻ ആവശ്യമായ നിർദ്ദേശം വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിട്ടിയിലെ ഉദ്യോഗസ്ഥൻമാർക്ക് നൽകുകയും ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി വ്യക്തിപരമായ താൽപ്പര്യമെടുത്തുകൊണ്ട് കുട്ടനാട്ടുകാരോട് കൂടുതൽ ദയ കാണിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): സർ, കുട്ടനാട് ശുദ്ധജല വിതരണ പദ്ധതി 1972-ൽ ആണ് തുടങ്ങിയത്. 1972-ൽ തുടങ്ങിയതിനുശേഷം ആ പദ്ധതിക്കുവേണ്ടി 304.7 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു. 14 പഞ്ചായത്തുകളിലായിട്ടാണ് ഈ പദ്ധതി നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചത്. ഇതിന്റെ മൊത്തം ചെലവ് 10 കോടി രൂപയിലധികം വരും. അതാണ് എസ്റ്റിമേറ്റ്. ഇതിൽനിന്നു 10 പഞ്ചായത്തുകളിൽ 50 ശതമാനത്തിലേറെ കുടിവെള്ളം എത്തിച്ചുകൊടുക്കൽ നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. ഇനി ബാക്കിയുള്ള സ്ഥലങ്ങളിലും പൂർണ്ണമായും ശുദ്ധജലം എത്തിച്ചുകൊടുക്കുന്നതിന് വലിയൊരു തുക ആവശ്യമാണ്. അത് നിറുത്തിവച്ചു എന്നു പറയുന്നത് ശരിയല്ല. പണത്തിന്റെ ലഭ്യതക്കുറവുകൊണ്ട് ഇക്കൊല്ലം മെല്ലെപ്പോകുന്നുവെന്നുമാത്രമേയുള്ളു. കുട്ടനാട്ടിലെ ജനങ്ങൾക്ക് വേണ്ടത്ര ശുദ്ധജലം ലഭിക്കാത്തതുകൊണ്ട് നേരിടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചും ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതനുസരിച്ചുതന്നെ ഈ പദ്ധതിപ്രകാരം മൂന്നു ടാങ്കുകളും, മൂന്ന് പമ്പിംഗ് സ്റ്റേഷനുകളും ഇതെല്ലാം പൂർത്തിയാക്കിയിരിക്കുന്നു. ഇതിന് ഒരു കോടി രൂപയോളം

LIBRARY ARCHIVES Kerala Legislative Assembly

ചെലവായി. വെള്ളിയനാട് ടാങ്കിന്റെ പണി പൂർത്തിയായിക്കഴിഞ്ഞു. നെടുമ്പുറം ടാങ്കിന്റെ പണിയും ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. കടപ്ര ടാങ്കിന്റെ പണിയുടെ കരാർ ഇപ്പോഴം നൽകിക്കഴിഞ്ഞു. അതും ഉടനെതന്നെ തുടങ്ങുന്നതാണ്. കടപ്രയിലെ സമ്പിന്റെ പണിയും പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ വള്ളിക്കുന്ന, കിടങ്ങറ എന്നീ മാഗങ്ങളിൽ ഈ പ്രവർത്തനങ്ങളം തുടങ്ങിക്കഴിഞ്ഞിട്ടില്ല. ഏതായാലും ആ സമ്പിന്റെ പ്രവർത്തനങ്ങളം വേഗത്തിൽ തുടങ്ങുന്നതിനുള്ള നടപടികളം സ്വീകരിക്കാൻ സാധിക്കുമെന്നാണ് എനിക്കു കിട്ടിയ റിപ്പോർട്ടിൽനിന്നു മനസിലാകുന്നത്. പൈനിന്റെ പണി ഇപ്പോഴം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഡിസ്ട്രിബ്യൂഷൻ പൈനിന്റേത് ഏകദേശം 95 ശതമാനവും മെയിൻ പൈനിന്റേത് 50 ശതമാനവും പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. പണത്തിന്റെ ബുദ്ധിമുട്ടില്ലായിരുന്നുവെങ്കിൽ ഈ വർഷം തന്നെ തീർക്കാമായിരുന്നു.

ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇത് നെതർലൻഡ്സിലെ ബൈലാറ്ററൽ സ്കീമിൽ ഉൾപ്പെടുത്തി പദ്ധതി തുടങ്ങിവയ്ക്കുന്നതിന് ഒരു ശ്രമം നടത്തുകയുണ്ടായി. അവർ ഇവിടെവന്ന് കുട്ടനാട്ടിലെ ജലവിതാനവും ജലപ്പരപ്പും മറ്റു സ്ഥിതിഗതികളുമൊക്കെ പഠിച്ച് ഒരു വാട്ടർ ബാലൻസ് സ്റ്റഡി നടത്തണമെന്ന് ആവശ്യപ്പെട്ടു. ശുദ്ധ ജലവിതരണത്തിന്റെ കാര്യത്തിൽമാത്രമല്ല, മറ്റു പല പദ്ധതികളും കൂടി ഉൾപ്പെടുത്തി ഒരു ഇൻഗ്രേറ്റഡ് സ്കീം ഉണ്ടാക്കി. അതിൽകൂടി ഈ പദ്ധതി നടപ്പിലാക്കുന്നതായിരിക്കും നല്ലത് എന്നാണ് അഭിപ്രായം. എന്നാൽ അതോറിട്ടി വാട്ടർ ബാലൻസ് റിപ്പോർട്ടിനുവേണ്ടി കാത്തിരിക്കാതെ ഈ പദ്ധതിക്കുള്ള സഹായം ഡച്ച് ഗവൺമെന്റ് തരണം എന്ന് അവരോട് ആവശ്യപ്പെടുകയുണ്ടായി. ആ അപേക്ഷ അവരിപ്പോഴം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതോറിട്ടി പ്രതീക്ഷിക്കുന്നത് മറ്റു പദ്ധതികളിൽ പെടുത്താതെ ഈ പദ്ധതി ഡച്ച് ഗവൺമെന്റ് ഏറ്റെടുത്ത് ബൈലാറ്ററൽ സ്കീമിൽപ്പെടുത്തി സഹായം തരുമെന്നാണ്. അതു ലഭിക്കുകയാണെങ്കിൽ വലിയ പ്രയാസമുണ്ടാകുകയില്ല. ഏതായാലും അതിനൊന്നും കാത്തിരിക്കാതെ സംസ്ഥാന ഗവൺമെന്റിന്റേയും ഇൻഡ്യാഗവൺമെന്റിന്റേയുമൊക്കെ സഹായം തേടിച്ചുകൊണ്ട്, പണം എവിടെനിന്നെല്ലാം സംഭരിക്കാമോ അവിടെനിന്നെല്ലാം സംഭരിച്ചുകൊണ്ട്, കുട്ടനാട്ടിലെ ശുദ്ധജലവിതരണത്തിന്റെ കാര്യത്തിലെ ബുദ്ധിമുട്ടുകളം പരിഹരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ഡോ. കെ. സി. ജോസഫ്: സർ, എന്റെ പ്രസംഗത്തിൽ പറഞ്ഞു ഈ വർഷം അത്യാവശ്യം പണി ചെയ്യുവാനുള്ള ഫണ്ട് അനുവദിച്ചിട്ടില്ല എന്ന്. അത്യാവശ്യം പണികളംനടത്തുന്നതിനുള്ള നിർദ്ദേശം വാട്ടർ അതോറിട്ടിക്കു കൊടുക്കുമോ? ഓൺ ഗോയിംഗ് സ്കീമുകളിൽ ഒരു പൈസ അനുവദിക്കാത്ത സ്കീമാണിത്. അതൊന്നു മാറ്റിയെടുക്കുവാൻ ഏറ്റവും കുറഞ്ഞത് കഴിഞ്ഞ വർഷം ചെലവാക്കിയ തുകയെങ്കിലും ഈ വർഷം ചെലവാക്കാൻ ആവശ്യമായ നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രി നൽകുമോ?

ശ്രീ. എം. പി. ഗംഗാധരൻ: പത്തുലക്ഷം രൂപ ഇക്കൊല്ലംതന്നെ ചെലവഴിച്ചുകഴിഞ്ഞു. ഒരുപക്ഷേ ബഹുമാനപ്പെട്ട മെമ്പർക്ക് അതു മനസിലായിക്കാണുകയില്ലായിരിക്കും. അത്യാവശ്യം വേണ്ട പ്രവൃത്തിക്ക് ഇനിയും പണം ചെലവഴിക്കുന്നതിനുള്ള നടപടികളം സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly